**ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

**1)** 2014 ഒക്ടോബർ 1-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 429/2014/ഫിൻ (എസ്.ആർ.ഒ. നമ്പർ 614/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള സർവീസ് (തേർഡ് അമെന്റ്മെന്റ്) ചട്ടങ്ങളിലെ ഭേദഗതിയുടെ പരിഗണന

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് എസ്.ആർ.ഒ. നമ്പർ 614/2014 ചട്ടങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Shri. M. Ummer: Sir, I move the following amendment.

In clause 2, for the words in bracket " including Secretary to the Legislative Assembly" , the words " including officers of the same rank in the Legislature Secretariat" shall be substituted.

ഇത് 03.12.2014-ന് എസ്.ആർ.ഒ. നമ്പർ 614/2014-ന് കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണ്. Clause (2)-ൽ പറയുന്നത്, Amendment of the rules:- In the Kerala Service Rules, in Part I, in Appendix II, under the heading "List of Heads of Departments", for serial number 1 and the entry against it, the following serial number and entry shall be substituted,...." എന്നാണ്.

അതിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ പറയുന്നത്, " Secretaries, Additional Secretaries, Joint Secretaries and Deputy Secretaries to Government (including Secretary to the Legislative Assembly)" എന്നാണ്. ഇതിനകത്ത് പ്രധാനമായി ഒന്നു-രണ്ട് വാചകങ്ങൾ പറയാനുള്ളത്, Kerala Legislature-ഉം Administrative Secretariat-ഉം ഭരണഘടനയിലെ രണ്ട് ക്ലോസുകൾ വച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുതാണെങ്കിൽ പ്പോലും ഇവിടെ രണ്ടിടത്തും തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരായ ആളുകൾ ഒരേ പി.എസ്.സി. ലിസ്റ്റിൽനിന്നും ഒരേ ക്വാളിഫിക്കേഷനുള്ള ഒരു ലിസ്റ്റിൽനിന്നും നിയമിക്കപ്പെടുന്ന ആളുകളാണ്. മാത്രമല്ല അവരുടെ പ്രൊമോഷനും മറ്റ് സേവന വേതന വ്യവസ്ഥകളുമൊക്കെ തുല്യമാണ്. Administrative Secretariat-ലെ ജോയിന്റ് സെക്രട്ടറിക്കും ഡെപ്യൂട്ടി സെക്രട്ടറിക്കും സെക്ഷൻ ഓഫീസർക്കും അസിസ്റ്റന്റിനും ഉള്ള സേവന വേതന വ്യവസ്ഥകൾ നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിക്കും ഡെപ്യൂട്ടി സെക്രട്ടറിക്കും സെക്ഷൻ ഓഫീസർക്കും അസിസ്റ്റന്റിനും തുല്യമാണ്. പക്ഷേ ഇവടെ ഈ ഭേദഗതിയോടുകൂടി വന്നിട്ടുള്ളത്, Administrative Secretariat-ലെ 'Secretaries, Additional Secretaries, Joint Secretaries and Deputy Secretaries to Government' എന്നുപറഞ്ഞിട്ട് equalize ചെയ്യിട്ടുള്ളത്

ബഹുമാനപ്പെട്ട നിയമസഭയുടെ സെക്രട്ടറിയെയാണ്. ഈ സെക്രട്ടറിക്ക് താഴെയായി ഇതിനോടൊപ്പം ഈ സഭയിലുള്ളത് ജോയിന്റ് സെക്രട്ടറിമാരും, അഡീഷണൽ സെക്രട്ടറിമാരും ഡെപ്യൂട്ടി സെക്രട്ടറിമാരും ഒക്കെയുണ്ട്. എന്നാൽ കേരള നിയമസഭയിൽ ഈ ലെജിസ്ലേച്ചറിലുള്ള സെക്രട്ടറി എന്നുപറയുന്നത് Administrative Department-ലുള്ള സെക്രട്ടറിക്ക് തുല്യമാണ്. അത് ഈ സെക്രട്ടേറിയറ്റിലെ ജീവനക്കാരോടുള്ളൊരു ഡിസ്ക്രിമിനേഷനാണ്. അത് പാടില്ലാത്തതാണ്. ഇതിനെ തുല്യപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം Secretary to Kerala Niyamasabha ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിൽനിന്ന് വരുന്നതാണ്. ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിൽനിന്ന് വരുന്ന സെക്രട്ടറിയെ മാത്രമാണ് അവിടെയുള്ള Deputy Secretary-ക്ക് തുല്യമായി എടുത്തിരിക്കുന്നത്. അതിനുതാഴെ ഈ സഭയിൽത്തന്നെ വന്നിട്ടുള്ള, ഈ സെക്രട്ടേറിയറ്റിൽ വന്നിട്ടുള്ള ഡെപ്യൂട്ടി സെക്രട്ടറി ആയിരുന്നാലും ജോയിന്റ് സെക്രട്ടറി ആയിരുന്നാലും അഡീഷണൽ സെക്രട്ടറി ആയിരുന്നാലും സ്പെഷ്യൽ സെക്രട്ടറി ആയിരുന്നാലും Administrative Department-ലെ Deputy Secretary-ക്ക് തുല്യമാണ് എന്നുള്ളത് നീതീകരിക്കാൻ പറ്റുന്നില്ല. ഇത് തുല്യപ്പെടുത്തുന്നതോടുകൂടി സ്റ്റേറ്റ് എക്സ്ചെക്കറിന് യാതൊരു സാമ്പത്തിക നഷ്ടവുമില്ല. ഇതൊരു സ്റ്റാറ്റസിന്റെ പ്രശ്നമാണ്. ഈ സ്റ്റാറ്റസിന്റെ

പ്രശ്നമെന്ന് പറയുന്നത് നമ്മുടെ ഭരണഘടനാ ലംഘനമാണ്. ഇവിടെ Kerala Legislature Secretariat Recruitment and Condition of Service Rules-ലെ പ്രസക്തമായ ഭാഗം മാത്രം വായിക്കാം. ഇതിൽ പറയുന്നത്, " In exercise of the powers conferred by clause (3) of Article 187 of the Constitution of India, the Governor of Kerala, after consultation with the Speaker of the Kerala Legislative Assembly, hereby makes the following rules, regulating the recruitment and conditions of service of persons appointed to the Secretarial Staff of the Kerala Legislature, namely:-" എന്നാണ്. അതിനുശേഷം ക്ലോസ് 8-ലെ Conditions of Service-ൽ കൃത്യമായി പറയുന്നത്, "Unless the Speaker otherwise directs, the conditions of service of the gazetted officers and non-gazetted officers of the Legislature Secretariat shall, in regard to matters not provided for in these rules, be such as are applicable to the gazetted officers and non-gazetted officers of corresponding rank of the State Administrative Secretariat...." എന്നാണ്. Kerala Legislature Secretariat-ന്റെ 1979-ലുള്ള റൂൾ ഇപ്പോഴും റിപ്പീൽ ചെയ്യാണിരിക്കുന്നത്. ഇതിനകത്ത് Administrative Department-ലെ ഉദ്യോഗസ്ഥൻമാരുടെ തുല്യമായ പദവികളായിരിക്കു

മെന്നുള്ളത് കൃത്യമായി പറയുമ്പോൾ ഈ ഭേദഗതിയെന്നു പറയുന്നത് ഈ സെക്രട്ടേറിയറ്റ് ജീവനക്കാരോടുള്ളൊരു discrimination ആയി കാണേണ്ടതുണ്ട്. അതുകൊണ്ട് എന്റെ ഭേദഗതി എന്നു പറയുന്നത് " In clause (2), for the words in bracket " including Secretary to the Legislative Assembly" , the words " including officers of the same rank in the Legislative Secretariat" shall be substituted. ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റിലുള്ള ഡെപ്യൂട്ടി സെക്രട്ടറിക്കും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിലുള്ള സെക്രട്ടറിക്കും ഒരേ സ്റ്റാറ്റസ് നിലനിൽക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യാതൊരു അധിക സാമ്പത്തിക ബാധ്യതയും വരാത്തതുകൊണ്ട്, സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പ്രൊമോഷനും മറ്റും വരുമ്പോൾ അവരെ രണ്ടാംതരം പൗരൻമാരായി കാണാതെ നിയമത്തിനു മുൻപിൽ ഒരുമിച്ച് കൊണ്ടുവരുന്നതിനുള്ള ഈ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മിനിസ്റ്ററോട് അങ്ങയുടെ ജുഡീഷ്യൽ മൈന്റ് അപ്ലൈ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്നാൽ മാത്രമേ ഈ ഭേദഗതി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ

അവതരിപ്പിച്ച ഈ ഭേദഗതി വളരെ പ്രസക്തമാണ്. കാരണം Secretariat Subordinate Service Special Rules പ്രകാരമാണ് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. നിയമസഭാ സെക്രട്ടേറിയറ്റും അതുതന്നെയാണ് ഫോളോ ചെയ്യുന്നത്. ഈ ഭേദഗതി വരുമ്പോൾ ഈ Legislature Secretariat-ലെ സെക്രട്ടറി ഒഴിച്ച് ബാക്കിയുള്ള ആളുകളെ ഒഴിവാക്കുന്നതും അതേസമയത്ത് സെക്രട്ടേറിയറ്റിലെ ഈ പറയുന്ന തത്തുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്ന ആളുകളെ ഈ ഡെഫനിഷന്റെ ഉള്ളിൽപ്പെടുത്തുന്നതും ഡിസ്ക്രിമിനേഷനാണ്. അത് ഒഴിവാക്കുന്നത് പൂർണ്ണമായ ഒരു വിവേചനമാണ്. ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ ഈ ഭേദഗതിയെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ ഇത് നിയമസഭാ ജീവനക്കാരെ തരംതാഴ്ത്തുന്നതിന് തുല്യമാണ്. സെക്രട്ടേറിയറ്റ് ജീവനക്കാരെന്ന് പറയുന്നത് പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ് ഇത് നമ്മുടെ നിയമസഭാ സെക്രട്ടേറിയറ്റിലെ അംഗമാണ്. അവരെല്ലാവരും നേരത്തെ സൂചിപ്പിച്ചപോലെ ഒരേതലത്തിലാണ് വരുന്നത്. ഒരേ ശമ്പളം പറ്റുന്നവരാണ്. എന്നിട്ട് ഏറ്റവും വിചിത്രം, ഇവിടെ explanatory note-ൽ പറഞ്ഞിരിക്കുന്നത് " ...." Secretary" means a Secretary

to the Government of the State and includes a Special Secretary, an Additional Secretary, a Joint Secretary and a Deputy Secretary...." എന്നാണ്. അതുപോലും ഇവിടെ എഴുതിച്ചേർത്തിട്ടില്ല. ഇതിന്റെ explanatory note-ൽ പറഞ്ഞിരിക്കുന്നത് ഒരു കാര്യവും റൂൾസിൽ പറഞ്ഞിരിക്കുന്നത് മറ്റൊരു കാര്യവുമാണ്. മനസ്സുകൊണ്ട് യാതൊരു പ്രിപ്പറേഷൻ പോലും നടത്താതെ ഒരു ഹോംവർക്കും നടത്താതെയാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് നിയമസഭാ ജീവനക്കാരെ തരംതാഴ്ത്തുന്ന ഒരു നടപടിക്ക് നിയമസഭ കൂട്ടുനിൽക്കരുത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങ് ഇക്കാര്യത്തിൽ അങ്ങയുടെ മൈന്റ് അപ്ലൈ ചെയ്ത് ശ്രീ. എം. ഉമ്മറിന്റെ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ശ്രീ. എം. ഉമ്മർ കൊണ്ടുവന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. കാരണം ഇത് ഇവിടെ ശ്രീ. ബെന്നി ബെഹനാനും ശ്രീ. വി. ഡി. സതീശനും പറഞ്ഞതുപോലെ കേരളാ നിയമസഭാ സാമാജികൻ മാരെയും നിയമസഭയേയും ലെജിസ്ലേച്ചറിനേയും വേറെ ഏതോ ഒരു രാജ്യത്തുള്ള ഡിപ്പാർട്ടുമെന്റും ആളുകളുമായി കാണുക, മന്ത്രിമാരെ അവിഹിതമായി സ്വാധീനിക്കാൻ കഴിയുന്ന സെക്രട്ടേറിയറ്റിലെ ചില കേന്ദ്രങ്ങളിൽനിന്നെഴുതുന്ന

നോട്ടിന്റെ താഴെ ഒപ്പിടുക എന്ന പറയുന്ന സമ്പ്രദായം... ഗൂഢാലോചനയുടെ ഫലമായി ലെജിസ്ലേറ്റീവ് സെക്രട്ടറിയെ അപമാനിക്കുക, ലെജിസ്ലേച്ചറിനെ അപമാനിക്കുക, ലെജിസ്ലേറ്റീവ് ഡിപ്പാർട്ടുമെന്റിനെ അപമാനിക്കുക അത് അംഗീകരിക്കാൻ പറ്റില്ല. ഈ ഭേദഗതി അംഗീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഫയലിന്റെ താഴെ വെറുതേ ഒപ്പിടുന്ന നടപടി ഞങ്ങൾക്കില്ല. എല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇവർ പറഞ്ഞതുപോലെ ജൂഡീഷ്യസ് ആയിട്ടാണ് ഓരോ കാര്യങ്ങളും ചെയ്യുന്നത്. പക്ഷേ ഇവിടെ ഈ അമെന്റ്മെന്റ് കൊണ്ടുവരേണ്ട കാര്യമില്ല. കാരണം ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇത് ചെയ്യാവുന്നതെയുള്ളൂ. ഇത് ഒരു അമെന്റ്മെന്റായി നിയമസഭയിൽ പാസ്സാക്കേണ്ട കാര്യമില്ല. അതിനുകാരണമെന്താണെന്ന് ചോദിച്ചാൽ കേരളാ പബ്ലിക് സർവ്വീസസ് ആക്ട് വരുന്നതിന് മുൻപ് ആണെങ്കിൽ Article 309 അനുസരി ച്ചാണ് ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ ക്രമപ്പെടുത്തിയിരുന്നത്. എന്നാൽ പബ്ലിക് സർവ്വീസസ് ആക്ടാണ് ഇപ്പോൾ നിലവിലുള്ളത്. എന്നാൽ പബ്ലിക് സർവ്വീസസ് ആക്ട് നിലവിൽ വന്നതിനുശേഷം അതിന്റെ കീഴിലാണ് സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ വരുന്നത്. എന്നാൽ പബ്ലിക് സർവ്വീസസ് ആക്ടും ഭരണഘടനയുടെ Article

309-ഉം അസംബ്ലി ജീവനക്കാർക്ക് ബാധകമല്ല. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് പ്രത്യേകിച്ചാണ്. ഞാനത് വായിക്കാം. അതായത് നമ്മുടെ ഭരണഘടനയിലെ Article 187-ൽ പറയുന്നത് ഞാൻ വായിക്കാം. " Secretariat of State Legislature:- (1) The House or each House of the Legislature of a State shall have a separate secretarial Staff.

(2) The Legislature of a State may by law regulate the recruitment, and the conditions of service of persons appointed to the secretariat staff of the House or Houses of the Legislature of the State." അവിടെ എല്ലാ കാര്യങ്ങളും നിശ്ചയിക്കുന്നത് ലെജിസ്ലേച്ചറാണ്.

" (3) Until provision is made by the Legislature of the State under clause (2), the Governor may, after consultation with the Speaker of the Legislative Assembly or the Chairman of the Legislative Council, as the case may be, make rules regulating the recruitment, and the conditions of service of persons appointed..." ഇവിടെ നമുക്ക് നിയമമില്ല. ലെജിസ്ലേച്ചർ ഒരു നിയമം പാസ്സാക്കിയിട്ടില്ല എന്നത് ഇതു സംബന്ധിച്ച് ശരിയാണ്. അതുകൊണ്ട് ഈ ഭരണഘടനയിൽ പറയുന്നതുപോലെ.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങനെയാണെങ്കിൽ എങ്ങനെയാണ് ഇതിൽ സെക്രട്ടറിയെ ഉൾപ്പെടുത്തിയത്?

<u>ശ്രീ. കെ. എം. മാണി:</u> സർ, ഇതുസംബന്ധിച്ച് നിയമം കൊണ്ടുവരേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്. ഭരണഘടനയുടെ Article 187 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറാണ് ഇത് ചെയ്യേണ്ടത്. അതാണ് ഭരണഘടന അനുശാസിക്കുന്നത്. ഇവിടെ സേവന വേതന വ്യവസ്ഥകൾ സമാനമാണോ എന്നുള്ളതല്ല; ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനെ Head of the Department ആയി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഡെപ്യൂട്ടി സെക്രട്ടറി വരെയുള്ളവർക്ക് Head of the Department പദവി കെ.എസ്.ആർ.-ൽ 13.10.2014-ൽ ഭേദഗതി വരുത്തി കൊടുത്തിട്ടുണ്ട്. ഈ പദവി ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് വേണമെങ്കിൽ Article 187(3) അനുസരിച്ചുള്ള ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണം. അത് ബഹുമാനപ്പെട്ട സ്പീക്കർ വരുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി പറഞ്ഞത്

അംഗീകരിക്കുന്നു. പക്ഷെ സെക്രട്ടറിയെ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ, സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തിയതു പോലെ, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാരേയുംകൂടി ഉൾപ്പെടുത്തണം എന്നതാണ് ചെയറിന്റെ അഭിപ്രായം. അങ്ങ് ഒന്നുകൂടി അത് പരിശോധിക്കണം, ഇപ്പോൾ അങ്ങ് മറുപടി പറഞ്ഞില്ലെങ്കിൽ ആലോചിച്ചിട്ട് പറഞ്ഞാൽ മതി.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതു പോലെ വീണ്ടും പരിശോധിക്കാം. ഇപ്പോൾ എന്റെ ഒപ്പീനിയൻ ഞാൻ പറഞ്ഞതു തന്നെയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ചെയറിന്റെ ഒരു പ്രത്യേക റൂളിംഗ് വച്ച് ഈ അമെന്റ്മെന്റ് മാറ്റാനോ, പിൻവലിക്കാനോ..... ഈ അമെന്റ്മെന്റ് ഉന്നയിച്ച ആൾ പിൻവലിക്കണം. പിൻവലിച്ചില്ലെങ്കിൽ ഞാൻ പോൾ ആവശ്യപ്പെടും.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. ഉമ്മർ അങ്ങ് ഭേദഗതിയെ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ: സർ, ബഹുമാനപ്പെട്ട എം. ഉമ്മർ ഈ ഭേദഗതി പിൻവലിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലല്ലേ?

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ കൂടി നിർദ്ദേശത്തിൽ, ബഹുമാനപ്പെട്ട മിനിസ്റ്റർ അത് റീ കൺസിഡർ ചെയ്യാം, പരിശോധിക്കാം എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ എന്റെ ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല എന്ന് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ഈ പ്രശ്നത്തിന് ഭരണകക്ഷി കൊണ്ടുവന്ന ന്യായമായ ഒരു അമന്റ്മെന്റിനെ ഞങ്ങൾ സപ്പോർട്ട് ചെയ്തു. അത് സപ്പോർട്ട് ചെയ്തതിനു ശേഷം എന്താണ് അതിന്റെ അവസ്ഥ, അത് വോട്ടിനിടുന്നുണ്ടോ? റിജക്ട് ചെയ്യുന്നുണ്ടൊ? അക്സെപ്റ്റ് ചെയ്യുന്നുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. ദിവാകരൻ, അത് പറഞ്ഞു കഴിഞ്ഞു. ശ്രീ. എം. ഉമ്മറിനോട് ഞാൻ പ്രസ്സ് ചെയ്യുന്നുണ്ടോ എന്ന് ചോദിച്ചു, ശ്രീ. എം. ഉമ്മർ അത് പ്രസ്സ് ചെയ്യുന്നില്ല എന്നു പറഞ്ഞു. അതിനുശേഷമാണ് ആ ഭേദഗതി തള്ളിയത്.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങനെ അത് തള്ളണമെങ്കിൽ പോൾ

ആവശ്യപ്പെടണം. നിയമത്തിന്റെ ഭേദഗതിയാണ്. അത് നിയമമാണ്, നിയമത്തിന്റെ ഭാഗമാണ്. ഭേദഗതി ഇവിടെ കൊണ്ടുവന്നു, അത് ഇവിടെ അവതരിപ്പിച്ചു, അവതരിപ്പിക്കാൻ ചെയർ അനുവാദം കൊടുത്തു. ചെയർ തന്നെ മന്ത്രിക്ക് നിർദ്ദേശം കൊടുത്തു. ഞങ്ങൾ ആവശ്യപ്പെടുന്നത് ഈ അമെന്റ്മെന്റ് 'Yes' or 'No' എന്നു മാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ ഭാഗം കഴിഞ്ഞു. എന്നാലും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇത് ഒന്നുകൂടി പരിശോധിക്കും എന്നാണ് ചെയർ കരുതുന്നത്. ഹൗസിന്റെ അനുവാദം ഞാൻ ചോദിച്ചു. അദ്ദേഹം പ്രസ്സ് ചെയ്യുന്നില്ല എന്നു പറഞ്ഞു. …….(ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ഡിസ്പോസ് ചെയ്തു കഴിഞ്ഞു, ഇത് പരിഗണിച്ച് സഭയുടെ അനുവാദത്തോടുകൂടി അത് ഡിസ്പോസ് ചെയ്തു കഴിഞ്ഞു. അപ്പോൾ നിങ്ങൾ പോൾ ചോദിച്ചില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. ദിവാകരൻ, ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ, അദ്ദേഹം പ്രസ്സ് ചെയ്തിരുന്നുവെങ്കിൽ നമുക്ക് പോൾ ചോദിക്കാമായിരുന്നു. അദ്ദേഹം പ്രസ്സ് ചെയ്തില്ല. ശ്രീ. എം. ഉമ്മർ പ്രസ്സ് ചെയ്തില്ല. പ്രസ്സ് ചെയ്യാത്ത ഒരു കാര്യം എങ്ങനെയാണ് വോട്ടിനിടുന്നത്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബില്ലിന്റെ ഭേദഗതിയെന്ന നിലയിൽ പ്രസക്തമല്ലാ എന്നു പറഞ്ഞത് ശരിയാണ്. പക്ഷെ അദ്ദേഹത്തിന്റെ ആ ഭേദഗതി അവർക്ക് പിൻവലിക്കുന്നതിനുവേണ്ടി ഹൗസിന്റെ അനുവാദം ഉണ്ടോ എന്നറിയണം. അതു സംബന്ധിച്ച് അദ്ദേഹം പിൻവലിക്കുന്നതിന് ഹൗസിന്റെ അനുമതി ഉണ്ടോ എന്നറിയണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, അത് ചോദിച്ചു, ചോദിച്ചതിനു ശേഷമാണ് ഡിസ്പോസ് ചെയ്തത്. .......(ബഹളം)... അല്പം താമസിച്ചു പോയി. അദ്ദേഹം പിൻവലിച്ചു. സഭയുടെ അനുമതിയോടു കൂടി പിൻവലിക്കുന്നു എന്ന് പറഞ്ഞപ്പോൾ പോൾ ചോദിക്കാമായിരുന്നു. അദ്ദേഹം പ്രസ്സ് ചെയ്യുന്നില്ല എന്നു പറഞ്ഞപ്പോൾ, സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചിരിക്കുന്നു എന്നു ഞാൻ പറഞ്ഞു. അപ്പോൾ പോൾ ചോദിച്ചില്ല. .......(ബഹളം)... എന്തായാലും അത് പറഞ്ഞുകഴിഞ്ഞു. സോറി.

2. <u>2014 ആഗസ്റ്റ് 21-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 150/2014/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 519/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ആതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന.</u>

Shri M. Ummer: Sir, I move the following amendments:

I. In Rule 9(5) for the word “ Two” , the word “ Three” shall be substituted.

II. In Rule 9(6) for the words “ nominated by him” the words “ shall preside the meeting” shall be substituted.

III. In Rule 9(7) the following words shall be added at the end, “ and if there is any equal number of votes, the person who preside the meeting shall have a Second Casting Vote.”

കേരള പഞ്ചായത്ത് രാജ് ആക്ടിലെ കേരളാ ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് 2010-ൽ ഉള്ളതാണ് ഭേദഗതി. അതിലെ ചട്ടം 9-ൽ പറയുന്നത് 'Constitution and Functioning of the Monitoring Committee-യെക്കുറിച്ചാണ്. ഇതിൽ Monitoring Committee-യിൽ 4 പേരാണുള്ളത്. അതിലെ ക്വാറം എന്നു പറയുന്നത് 2 പേരാണ്. അപ്പോൾ ഈ രണ്ട് പേരുടെ ക്വാറമായിട്ടുണ്ടെങ്കിൽ, അതിൽ equal ആയി വരുന്നെങ്കിൽ പ്രയാസമാണ്. അതുകൊണ്ട് ചട്ടം 9(5)-

നുള്ള എന്റെ ഭേദഗതി എന്നു പറയുന്നത്, “ Two members of the Committee shall constitute the quorum” എന്നതിനുപകരം “ Three members of the Committee shall constitute the quorum” എന്നാക്കണം.

ചട്ടം 9(6)-നുള്ള എന്റെ ഭേദഗതി എന്നു പറയുന്നത്, “ The meeting shall be presided over by the Chairman and in his absence, a member of the Committee nominated by him.” എന്നാണ്. അതിനുപകരം “ The meeting shall be presided over by the Chairman and in his absence, a member of the Committee shall preside the meeting.” എന്നാക്കണം.

ചട്ടം 9(7)-നുള്ള ഒരു ഭേദഗതിയുള്ളത്, അംഗങ്ങൾ രണ്ടും തുല്യമായി വരികയാണെങ്കിൽ ഡിസിഷൻ എടുക്കുന്നതിനെക്കുറിച്ചാണ്. അതിൽ പറയുന്നത് “ The recommendation shall be based on the decision of the majority present in the meeting" എന്നാണ്. അതിന്റെ അവസാന ഭാഗത്ത് " and if there is any equal number of votes, the person who preside the meeting shall have a Second Casting Vote.” എന്നുകൂടി ചേർക്കണം എന്നതാണ് എന്റെ ഭേതഗതി. ഒന്നുകിൽ സെക്കന്റ് വോട്ട് അല്ലെങ്കിൽ കാസ്റ്റിംഗ് വോട്ട് ചെയർമാനായിട്ടുള്ള ആൾക്ക് കൊടുക്കണം എന്നുള്ളതാണ്.

ഈ മൂന്ന് ഭേദഗതികളാണുള്ളത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ചട്ടം 9(5)-നുള്ള ഭേദഗതി നിർദ്ദേശം അംഗീകരിക്കുന്നു. അതായത് 4 അംഗങ്ങൾ ഉള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ക്വാറം രണ്ടിൽ നിന്ന് മൂന്നാക്കണമെന്നുള്ളത് അംഗീകരിക്കുന്നു. ചട്ടം 9(6)-നുള്ള ഭേദഗതി നിർദ്ദേശം ചെയർമാന്റെ അഭാവത്തിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിന് ഒരു അംഗത്തെ ചെയർമാൻ നാമനിർദ്ദേശം ചെയ്യണം എന്നത് ഒഴിവാക്കുന്നത്, അത് താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്യുകയാണ്.

9(6). In Rule 9(6), for the words " a member of the committee nominated by him" , the words " the Director of Panchayats" shall be substituted.

മൂന്നാമത്തേത് ചട്ടം 9(7)-നുള്ള ഭേദഗതി നിർദ്ദേശം താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്തു കൊണ്ട്, നിലവിലുള്ള ചട്ടത്തോടൊപ്പം ഒരു പുതിയ വാചകമായി ചേർക്കുന്ന രീതിയിൽ അംഗീകരിക്കുന്നു.

9(7). " In the case of equal number of votes, the person who presides over the meeting shall have a second or casting vote."

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ചട്ടം 9(5)-ലേയ്ക്കുള്ള ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ചട്ടം 9(6), 9(7) എന്നിവയിലേയ്ക്കുള്ള ഭേദഗതി ഭേദഗതികളോടുകൂടി  സഭ അംഗീകരിച്ചിരിക്കുന്നു.